**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **12-12-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് കുറ്റകൃത്യത്തിൽ പിടിക്കപ്പെടുന്നവരുടെ കരുതൽ തടങ്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തലശ്ശേരിയിൽ ലഹരി വില്പനയെ എതിർത്തതിന്റെ പേരിൽ ഉണ്ടായ ഇരട്ട കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ ലഹരി വില്പനക്കാരുടെയും ലഹരി കടത്തുകാരുടെയും പ്രവർത്തനങ്ങൾ കർശനമായി തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്താകെ ഈ വർഷം 24,563 മയക്കുമരുന്ന് കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസുകളിലായി 3039 കിലോ കഞ്ചാവ്, 14 കിലോയിലധികം MDMA, 2 കിലോയിലധികം ഹാഷിഷ്, ഒരുകിലോയിലധികം ബ്രൗൺ ഷുഗർ, 36 കിലോയിലധികം ഹാഷിഷ് ഓയിൽ എന്നിവ പിടിച്ചെടുക്കുകയും ടി കേസുകളിൽ ഉൾപ്പെട്ട 27,088 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ മയക്കുമരുന്ന് കേസുകളിൽ സ്ഥിരം കുറ്റവാളികളായ 94 പ്രതികൾക്കെതിരെ PIT-NDPS പ്രകാരവും ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ഉയർന്ന ശിക്ഷ ഉറപ്പ് വരുത്തുന്നതിനു NDPS നിയമത്തിലെ 31, 34 വകുപ്പുകൾ പ്രകാരം 1,277 പേർക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പോലീസ് രഹസ്യ നിരീക്ഷണവും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. സംസ്ഥാനത്ത് സമീപനാളുകളിൽ ലഹരിക്കടത്തും വിൽപ്പനയും പിടിക്കപ്പെടുന്ന പദാർത്ഥങ്ങളുടെ അളവും വർദ്ധിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ The prevention of Illicit Traffic in Narcotic Drugs and Psychotroic Substance Act( PITNDPS Act) ലെ വകുപ്പ് 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ വേണ്ട നിയമ നടപടികളും NDPS ആക്ട് പ്രകാരം സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മയക്കുമരുന്ന് |

ഉപയോഗിക്കുന്നവർക്കെതിരെ NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടി എടുത്തുവരുന്നു.

NDPS നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് കുറ്റകൃത്യം ആവർത്തിക്കുന്ന പക്ഷം പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിനായി NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 31 (എ) പ്രകാരം വിൽപ്പന നടത്തിയതിന് ശിക്ഷിക്കപ്പെടുന്നവർ വീണ്ടും സമാന കുറ്റകൃത്യത്തിലുൾപ്പെടുന്ന പക്ഷം കേസിൽ വധശിക്ഷയ്ക്കും വ്യവസ്ഥയുണ്ട്.

കേസുകളിൽ ശിക്ഷിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചും മുൻപ് ഉൾപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുമുള്ള വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സ്സൈസ് റേഞ്ച് ആഫീസുകളിലും ലഭ്യമാകുന്ന ഒരു സംവിധാനം ഏർപ്പെടുത്തി വരുന്നു.

ഇതുവഴി ഒരിക്കൽ ശിക്ഷിക്കപ്പെട്ടതോ കേസിൽ ഉൾപ്പെട്ടതോ ആയ ആളുകൾ ഇത്തരം പ്രവർത്തികളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരാണെന്ന കാര്യം ബഹു കോടതികളുടെ മുമ്പിൽ കൊണ്ടു വരാനും കഴിയും.

NDPS ആക്ടിലെ വകുപ്പ് 34 പ്രകാരം കേസിൽ പിടികൂടുന്നവരെക്കൊണ്ട് 'കുറ്റകൃത്യം ആവർത്തിക്കുകയില്ല' എന്നു ള്ള ബോണ്ട് വയ്പ്പിക്കുന്നതിനുള്ള നടപടികളും കർശനമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ട്രെയിനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങൾ ഒരുക്കിയും മയക്കുമരുന്ന് കടത്തിന് കർശന നിയന്ത്രണം കൊണ്ടു വരാനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്.

ലഹരി ഉപയോഗത്തെക്കുറിച്ചും ലഹരി കടത്തിനെക്കുറിച്ചും വിവരം നൽകിയാൽ സ്രോതസ് പൂർണ്ണ രഹസ്യമായി സൂക്ഷിക്കും. Anti Narcotic Project, KANSAF, DANSAF,YODHAV,CAP തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധി തമായി നടപടികൾ സ്വീകരിച്ച് വരുന്നു. കേരള പോലീസിന്റെ Community Policing പദ്ധതിയായ ജനമൈത്രി പ്രോജക്റ്റിലൂടേയും മാതൃകാ പൗരന്മാരെ വളർത്തിയെടുക്കുന്നതിനായി

നടപ്പിലാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിലൂടേയും പൊതു സമൂഹത്തിലും വിദ്യാർത്ഥികളുടെ ഇടയിലും ലഹരിക്കെതിരായി വിവിധ കാമ്പയിനുകൾ നടത്തി വരുന്നു.

ഇതിനകം ആഗോളതലത്തിൽ തന്നെ വലിയ വിപത്തായി മാറിയിട്ടുള്ള മയക്കുമരുന്ന് നമ്മുടെ പുതിയ തലമുറയേയും കുടുംബങ്ങളെയും സമൂഹത്തെയാകെയും സാരമായി ബാധിക്കാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങളുടെയും പങ്കാളിത്തമുറപ്പാക്കിക്കൊണ്ട് ആദ്യഘട്ടമായി സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഒക്ടോബർ 2-ാം തീയതി മുതൽ നവംബർ 1-ാം തീയതി വരെ ലഹരിക്കെതിരെ 'നോ ടു ഡ്രഗ്സ്' കാമ്പയിന് സർക്കാർ നേതൃത്വം നൽകി. എല്ലാതുറകളിലുമുള്ള ജനവിഭാഗ ങ്ങളുടെയും പങ്കാളിത്തം കൊണ്ട് സജീവമായിരുന്നു ഈ കാമ്പയിൻ.

നിരോധിത മയക്കുമരുന്നുകൾ കേരളത്തിൽ കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്ന സ്ഥിരം കുറ്റവാളികളുടെ ജില്ലതിരിച്ചുള്ള ഡേറ്റാ ബാങ്ക് ശേഖരിക്കുന്നതിനുള്ള നടപടികൾ ആന്റി ടെററിസ്റ്റ് സ്ക്വാഡ് (ATS) സ്വീകരിച്ചു വരുന്നു.

ചെക്ക്പോസ്റ്റുകൾ, റെയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, അന്യ സംസ്ഥാന ബസ്സുകൾ, ഹാർബറുകൾ എന്നിവ വഴി സംസ്ഥാനത്തേക്ക് ലഹരിയുടെ വരവ് തടയുന്നതിന് പോലീസ്, എക്സൈസ്, ഫോറസ്റ്റ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, ആരോഗ്യ വകുപ്പ്, അന്യ സംസ്ഥാന സേനകൾ തുടങ്ങിയ ഫോഴ്സ്/വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചെക്ക്പോസ്റ്റുകളിൽ ക്യാമറകൾ സ്ഥാപിച്ച് കൃത്യമായ നിരീക്ഷണം നടത്തി വരുന്നതും കോമ്പിംഗ് പ്രവർത്തനം ഊർജ്ജിതമായും നടത്തിവരുന്നതുമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് നടത്തുന്ന ശക്തമായ ഇടപെടലുകളും ബോധവത്ക്കരണവും വഴി വിദ്യാർത്ഥികൾക്ക് ലഹരി വിൽപ്പന നടത്തുന്ന സംഘങ്ങളെ കുറിച്ച് വിവരശേഖരണം നടത്തി ശക്തമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതും സ്കൂൾ പിരിസരങ്ങളിലെ കടകളിലെ ലഹരി മരുന്നുകൾ, പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ ഭക്ഷ്യ

| | | | |
|---|---|---|---|
| | | | വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നതുമാണ്.<br><br>സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കു വാനും 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരി ക്കുന്നതിനുമായി കേരള സംസ്ഥാന ലഹരിവർജ്ജനമിഷൻ 'വിമുക്തി'-ക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളതാണ്. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും വിമുക്തി മിഷൻ വഴി നടപ്പിലാക്കിവരുന്നു.<br><br>വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും “ഉണർവ്വ്" പദ്ധതി നടപ്പിലാക്കിട്ടുണ്ട്. പഠനം കഴിഞ്ഞുള്ള സമയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് അപകടകരങ്ങളായ പ്രചോദന ങ്ങളിലേക്ക് പോകാതെ കായികപരമായും കലാപരമായുമുള്ള അവരുടെ കഴിവിനെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ആയത് കൂടാതെ ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം പ്രചരിപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് 500 സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബുകളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ച് കായിക പരിശീലനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപികരിച്ചിട്ടുണ്ട്. കോളേജ് അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരുടെ പ്രതിനിധികളും തദ്ദേശസ്വയം ഭരണസ്ഥാപന അംഗങ്ങളും എക്സൈസ് ഉദ്യോഗസ്ഥരും അംഗങ്ങളായുള്ള ഈ കമ്മിറ്റികൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മയക്കമരുന്നെത്തിക്കുന്ന കുറ്റവാളികൾക്കെതിരെ | (ബി) | ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പോലീസും |

| | | | |
|---|---|---|---|
| | സ്വത്ത് കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള കർശന നടപടിക്ക് നിർദേശം നൽകിയിട്ടുണ്ടോ; | | എക്സൈസ് വകുപ്പും നടത്തി വരുന്നു. ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ചെക്പോസ്റ്റുകൾ എന്നിവ പ്രവർത്തിക്കുന്നതും, വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മയക്കുമരുന്നിടപാടുകൾ കണ്ടെത്തുന്നതിനായി സൈബർ സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എൻ.ഡി.പി.എസ്. നിയമ പ്രകാരം മയക്കു മരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പ്രതികളുടെ സ്വത്ത് വകകൾ കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വ്യക്തി നിയമവിരുദ്ധമായി നേടിയ ഏതെങ്കിലും സ്വത്ത് കൈവശം വച്ചിരിക്കുന്നുവെന്ന് വിശ്വാസ യോഗ്യമായ വിവരങ്ങൾ ലഭിച്ച് കഴിഞ്ഞാൽ അങ്ങനെ ചെയ്യുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം അത്തരം സ്വത്ത് കൈവശം വച്ചിരിക്കുന്നുവെന്ന് വിശ്വാസ യോഗ്യമായ വിവരങ്ങൾ ലഭിച്ച് കഴിഞ്ഞാൽ അങ്ങനെ ചെയ്യുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം അത്തരം സ്വത്ത് കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനും ആവശ്യമായ നടപടികൾ NDPS നിയമത്തിലെ സെക്ഷൻ 68 E പ്രകാരമാണ് സ്വീകരിച്ചു വരുന്നത്. |
| (സി) | മയക്കുമരുന്ന് കുറ്റകൃത്യത്തിൽ ആവർത്തിച്ച് പിടിക്കപ്പെടുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | വലിയ അളവിലുള്ള മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഉൾപ്പെടുന്ന പ്രതികൾക്കെതിരെ The Prevention of Illicit Traffic In Narcotic and Psychotropic Substance Act ലെ സെക്ഷൻ 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ വേണ്ട നിയമനടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ